**മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ**
**ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും**

സർക്കുലർ നമ്പർ **283**

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്ത് പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

കർത്താവിൽ വാത്സല്യമുള്ളവരെ,

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അഭിമാനമായ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി 2017 ഏപ്രിൽ 27 -ാം തീയതി നൂറാം വയസ്സിലേക്കു പ്രവേശിക്കുകയാണ്. തിരുമേനിയെ നമ്മുടെ സഭയ്ക്കു നല്കിയ ദൈവത്തെ സ്തുതിക്കാം. തിരുമേനിയുടെ ജീവിതധന്യതയ്ക്കായി ദൈവത്തിനു സ്തോത്രം കരേറ്റാം. ഓരോ നിമിഷത്തെയും അർത്ഥവത്താക്കി അനേക ജീവിതങ്ങൾക്ക് അനുഗ്രഹമായി ശുശ്രൂഷാമേഖലകൾ പ്രശോഭിതമാക്കി എപ്പോഴും കർമ്മനിരതനായിരിക്കുന്ന വലിയ തിരുമേനിക്ക് ഹൃദയപൂർവ്വം നമുക്ക് ആശംസകൾ അർപ്പിക്കാം.

സുവിശേഷകനായും ശെമ്മാശനായും എപ്പിസ്ക്കോപ്പായായും സഫ്രഗൻ മെത്രാപ്പോലീത്തയായും ഒഫീഷ്യേറ്റിംഗ് മെത്രാപ്പോലീത്തയായും മെത്രാപ്പോലീത്തയായും, ശുശ്രൂഷകൾ അനുഷ്ഠിച്ച് ഇപ്പോൾ വലിയ മെത്രാപ്പോലീത്തയായി സമസ്ത ജനവിഭാഗങ്ങളുടെയും സ്നേഹാദരങ്ങൾ ഏറ്റുവാങ്ങിയും അവർക്കു സ്നേഹം നൽകിയും തിരുമേനി പ്രവർത്തനനിരതനാണ്.

തിരുമേനിയുടെ അനുഗ്രഹകരമായ ജീവിതത്തിനായും തിരുമേനിയിലൂടെ ദൈവം സഭയ്ക്കും സമൂഹത്തിനു നൽകിയ എണ്ണമറ്റ അനുഗ്രഹങ്ങൾക്കായും ദൈവത്തിന് സ്തോത്രം അർപ്പിക്കുന്നതിനായി ഏപ്രിൽ 27-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 മണിക്ക് ജന്മശതാബ്ദി സ്തോത്രശുശ്രൂഷയും വിശുദ്ധ കുർബ്ബാനയും തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വച്ചും തുടർന്ന് 11 മണിക്ക് ജന്മശതാബ്ദി ആശംസാ സമ്മേളനം തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ ഓഡിറ്റോറിയത്തിൽ വച്ചും നടത്തപ്പെടുന്നതാണ്.

നമ്മുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന ജന്മശതാബ്ദി ആശംസാ സമ്മേളനത്തിൽ അന്ത്യോക്യാ പാത്രിയർക്കീസ് ബാവായുടെ പ്രതിനിധി അഭിവന്ദ്യ മോർ ക്ലിമിസ് ദാനിയേൽ മെത്രാപ്പോലീത്താ, ശ്രീ. എൽ. കെ. അദ്വാനി, രാജ്യസഭാ ഡപ്യൂട്ടി ചെയർമാൻ പ്രൊഫ. പി.ജെ. കുര്യൻ, ശ്രീമതി ശ്രേയ ജോബി ഐ.എ.എസ് തുടങ്ങിയവർ മുഖ്യാതിഥികൾ ആയിരിക്കും.

ജന്മശതാബ്ദിയുടെ ഭാഗമായി സഭയായി രണ്ടു പദ്ധതികൾ നടത്തുന്നു എന്നത് അറിയിക്കുന്നതിൽ സന്തോഷമുണ്ട്. (1) ഭിന്നലിംഗക്കാരുടെ പുനരധിവാസത്തിനായി നവോദയ മൂവ്മെന്റ് (Navodaya Movement for the Transgender Community: Mar Chrysostom Birth Centenary Project -Mar Thoma Church) എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുന്നു. (2) ഭവനരഹിതർക്ക് മെട്രോപ്പോലിറ്റൻസ് ഫണ്ടിൽ നിന്നും 100 ഭവനങ്ങൾ നൽകുന്നു.

എല്ലാ ശുശ്രൂഷകളും അനുഗ്രഹകരമായി നടത്തപ്പെടുവാൻ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ആവശ്യമാണ്. എല്ലാ ഇടവകാംഗങ്ങളെയും ഈ ശുശ്രൂഷയിലേക്കും സമ്മേളനത്തിലേക്കും ക്ഷണിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

2017 ഏപ്രിൽ മാസം 8-ാം തീയതി തിരുവല്ല പൂലാത്തീനിൽ നിന്നും

J mmalabar

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**